I. **2 തിമൊഥെയൊസ് 4:7-ൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, ശരിയായ ക്രിസ്തീയ ജീവിതം മൂന്ന് മടങ്ങാണ്; അതിൽ നല്ല പോർ പൊരുതുന്നതും, ഓട്ടം തികയ്ക്കുന്നതും, വിശ്വാസം കാക്കുന്നതും ഉൾപ്പെടുന്നു**

[2 Tim 4:7] ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

II. **"ഞാൻ നല്ല പോർ പൊരുതു"**

- അപ്പൊസ്തലന്റെ ആജ്ഞ സ്വീകരിച്ചുകൊണ്ട് വിശ്വാസികൾ നല്ല പോർ പൊരുതുന്നു. അപ്പൊസ്തലൻ തന്റെ ആത്മിക പുത്രന് നൽകിയ ആജ്ഞ ദൈവത്തിന്റെ വ്യവസ്ഥയെ അനുകൂലമായും വ്യത്യസ്തമായ പഠിപ്പിക്കലുകളെ പ്രതികൂലമായും ബാധിക്കുന്നു. വിശ്വാസത്തിൽനിന്നുള്ള വ്യതിചലനത്തിനെതിരെ പോരാടുവാൻ, അതായത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ പൗലൊസ് തിമൊഥെയോസിനോട് ആജ്ഞാപിച്ചു.

  [1 Tim. 1:18] എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്.

- അവനെ സംബന്ധിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾ അനുസരിച്ച്, അവൻ "നല്ല പോർ പൊരുതണം" എന്ന് പൗലൊസ് തിമൊഥെയോസിനോട് പറഞ്ഞു. നല്ലപോർ പൊരുതുകയെന്നാൽ ഭിന്നാഭിപ്രായക്കാരുടെ വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ പോരാടുകയും ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുകയും ചെയ്യുക എന്നാണ്. വാഴ്ത്തപ്പെട്ടവനായ ദൈവത്തിന്റെ തേജസ്സിനുവേണ്ടിയുള്ള കൃപയുടെയും നിത്യജീവന്റെയും സുവിശേഷത്തെ സംബന്ധിച്ച അപ്പൊസ്തലന്റെ ശുശ്രൂഷ അനുസരിച്ചുള്ളതാണ് ഈ പോരാട്ടം. ഒരുവശത്ത്, തിമൊഥെയൊസ് വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ പോരാടണമായിരുന്നു; മറുവശത്ത്, അപ്പൊസ്തലന്റെ ശുശ്രൂഷയ്ക്കനുസൃതമായി അവൻ ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കണമായിരുന്നു. ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ദൈവത്തിന്റെ വ്യവസ്ഥയെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതാണ് നല്ല പോർ പൊരുതുന്നത്.

  [1 Tim. 1:3-4] ...ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും, വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.
  [Acts 2:42] അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

- 1 തിമൊഥെയൊസ് 6:12 പറയുന്നു, "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക", അതിനർത്ഥം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കുവേണ്ടി പോരാടുക എന്നാണ്. പ്രത്യേകിച്ചും, അത് ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടിയും പോരാടുന്നതാണ്. അത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സമ്പൂർണ സുവിശേഷത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി പൊരുതുന്നതാണ്. വ്യത്യസ്ത പഠിപ്പിക്കലുകൾ നിമിത്തം, സഭ ഇപ്പോൾത്തന്നെ അധഃപതിക്കുകയും വിശ്വാസത്തിൽനിന്നും വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു; വിശ്വാസത്തിൽനിന്നുള്ള ഈ വ്യതിചലനത്തിനെതിരെ പോരാടുവാൻ പൗലൊസ് തിമൊഥെയൊസിനോട് ആവശ്യപ്പെട്ടു, അത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതാണ്.

  [1 Tim. 6:12a] വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; ...
  [Col. 2:9] അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്.
  [1 Cor. 12:27] നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

- 1 തിമൊഥെയൊസ് 6:12-ൽ പൗലൊസ് തുടർന്നു പറയുന്നു, "നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്ക് നിന്നെ വിളിച്ചിരിക്കുന്നു". വാസ്തവത്തിൽ നിത്യജീവൻ നമുക്കു ജീവനായിരിക്കുന്ന പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവമാണ്. *നിത്യം* എന്നത് ദിവ്യജീവന്റെ സമയ ഘടകത്തേക്കാളധികം പ്രകൃതത്തെ സൂചിപ്പിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതിന്, ഈ ദിവ്യജീവനെ മുറുകെപ്പിടിക്കുകയും നമ്മുടെ മനുഷ്യജീവിതത്തിൽ ആശ്രയിക്കാതിരിക്കുകയും വേണം. 2 തിമൊഥെയൊസിൽ കാണുന്നതുപോലെ സഭയുടെ അധഃപതനത്തിന്റെ താഴോട്ടുള്ള പ്രവണതയെ അഭിമുഖീകരിക്കുന്നതിന് 1 തിമൊഥെയൊസിൽ കാണുന്നതുപോലെ സഭയെ സംബന്ധിച്ച ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുവാനും, തീത്തൊസിൽ കാണുന്നതുപോലെ സഭയിൽ നല്ല ക്രമം നിലനിർത്തുന്നതിനും, ഈ ജീവൻ ഒരു മുൻഉപാധിയാണ്.
  [1 Tim. 6:19] അവർ വാസ്തവമായി ജീവനാകുന്നതിനെ മുറുകെപ്പിടിക്കേണ്ടതിന്, ഭാവിക്കു വേണ്ടി തങ്ങൾക്കുതന്നെ നല്ലൊരു അടിസ്ഥാനം നിക്ഷേപമായി മാറ്റിവയ്ക്കുന്നതിനും ആജ്ഞാപിക്കുക.
  [2 Tim. 1:1] ക്രിസ്തുയേശുവിലുള്ള ജീവന്റെ, വാഗ്ദത്തപ്രകാരം, ദൈവഹിതത്താൽ, ക്രിസ്തു യേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്,
  [2 Tim. 1:10] എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

- നാം സാത്താനും അന്ധകാര രാജ്യത്തിനുമെതിരായി നല്ല പോർ പൊരുതിക്കൊണ്ടിരിക്കുന്നു. നാം നല്ല പോർ പൊരുതുകയും, പിശാചിന്റെ കോട്ടകളെ മറിച്ചിടുകയും, തടവിലാക്കപ്പെട്ട മനുഷ്യന്റെ ചിന്തകളെ ക്രിസ്തുവിന്റെ അനുസരണത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ദൈവത്തിന്റെ പടയാളികളായിരിക്കുകയും വേണം.
  [2 Cor. 10:4-5] ഞങ്ങളുടെ യുദ്ധത്തിന്റെ ആയുധങ്ങൾ ജഡികമല്ല, കോട്ടകളെ മറിച്ചിടുവാൻ ദൈവമുമ്പാകെ ശക്തിയുള്ളവയത്രേ, അവയാൽ ഞങ്ങൾ വാദങ്ങളെയും ദൈവത്തിന്റെ പരിജ്ഞാനത്തിന് എതിരായി ഉയരുന്ന സകല ഉയർച്ചയെയും മറിച്ചിടുകയും, ക്രിസ്തുവിന്റെ അനുസരണത്തിങ്കലേക്ക് ഓരോ ചിന്തയെയും ബദ്ധമാക്കുകയും ചെയ്യുന്നു.

- സത്യത്തിനുവേണ്ടിയുള്ള നല്ല പോരാട്ടമാണ് നാം നടത്തുന്നത്. സത്യം തന്റെ  വചനത്തോടുകൂടെയുള്ള ത്രിയേക ദൈവമാണ്. ദിവ്യ സത്യം സമ്പൂർണമാണ്, സത്യത്തിനുവേണ്ടി നാം സമ്പൂർണരായിരിക്കുകയും സത്യത്തിന്റെ സമ്പൂർണത ഉയർത്തിപ്പിടിക്കുകയും വേണം. സത്യം നമ്മിലേക്ക് പണിതുചേർക്കപ്പെടുകയും നമ്മുടെ ആളത്തത്തിലേക്ക് സംരചിക്കപ്പെടുകയും വേണംദിവ്യ വ്യവസ്ഥയുടെ പരിണതിക്കുവേണ്ടി നാം ഇപ്പോഴുള്ള സത്യത്തിനും ഏറ്റവും ഉയർന്ന സത്യത്തിനും ആത്മനിഷ്ഠമായ സത്യങ്ങൾക്കും വേണ്ടി സമ്പൂർണരായിരിക്കണം. സത്യത്തിനുവേണ്ടി പോരാടുന്നതിനും, കർത്താവിന്റെ പ്രത്യുദ്ധാരത്തെ കരുതുന്നതിനും, നമ്മുടെ സാക്ഷ്യത്തെ ശ്രദ്ധിക്കുന്നതിനുമായി നമ്മുടെ പഠിപ്പിക്കലുകൾ വ്യക്തമാക്കുന്നതിനുള്ള ഉത്തരവാദിത്തം സഭകൾ വഹിക്കണം.
  [1 Tim. 3:15] എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.
  [2 Tim. 4:7] ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.